# ജിന്നും ശൈത്വാനും

ഡോ: എം. ഉസ്മാൻ സാഹിബ് (റഹി)

സൽസബീൽ, 1994 മാർച്ച്

**മുജാഹിദ് പ്രസ്ഥാനത്തിലെ നേതാക്കൻമാർ മനുഷ്യനും ജിന്നും തമ്മിലുള്ള വ്യവഹാരങ്ങളെ എപ്രകാരം ഗ്രഹിച്ചിരുന്നുവെന്നും, ഇവ്വിഷയകമായി പൂർവ്വികരായ പണ്ഡിതൻമാരുടെ അഭിപ്രായത്തോട് കാണിച്ചിട്ടുള്ള ആദരവും പരിഗണനയും എത്ര മഹത്തരമാണെന്നും വിമർശകരായ സുഹൃത്തുക്കളുടെ ശ്രദ്ധയിൽ പെടുത്തുന്നതിന് വേണ്ടി ഡോ. ഉസ്മാൻ സാഹിബ് സൽസബീലിലൂടെ എഴുതിയ ജിന്നും ശൈത്വാനും എന്ന ലേഖനം പുനഃപ്രസിദ്ധീകരിക്കുന്നു...**

മനുഷ്യനും ജിന്നും തമ്മതമ്മിൽ ഉപയോഗപ്പെടുത്തുകയോ ആസ്വദിക്കുകയോ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് ജീവിച്ചതിനെസംബന്ധിച്ച് പരലോകത്ത് അവരോട് ചോദ്യം ചെയ്യുന്നകാര്യം പരിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക...

“അവരെ എല്ലാം (അല്ലാഹു) ഒരുമിച്ച് കൂട്ടുന്ന ദിവസം (അല്ലാഹു പറയും) ഹേ ജിന്നുകളുടെ സമൂഹമേ, തീർച്ചയായും നിങ്ങൾ മനുഷ്യരിൽ ഒരു വലിയ വിഭാഗത്തെ പാട്ടിലാക്കിക്കളഞ്ഞു. മനുഷ്യരിൽപെട്ട അവരുടെ മിത്രങ്ങൾ പറയും ‘ഞങ്ങളിൽ ചിലർ ചിലരെക്കൊണ്ട് പ്രയോജനമെടുത്തു. നീ ഞങ്ങൾക്ക് നിശ്ചയിച്ച അവധി എത്തിച്ചേരുകയും ചെയ്തു. അവൻ (അല്ലാഹു) പറഞ്ഞു ‘നിങ്ങളുടെ വാസ സ്ഥലം നരകമാണ്! അതിൽ നിങ്ങൾ സ്ഥിര താമസക്കാരാണ്. അല്ലാഹു ഉദ്ദേശിക്കുന്നവരൊഴിച്ച്. തീർച്ചയായും നിന്റെ റബ്ബ് തന്ത്രജ്ഞനും അഗാധജ്ഞനുമാണ്! അപ്രകാരം അക്രമികളെ നാം അന്യോന്യം ബന്ധിപ്പിച്ചിരിക്കുന്നു. അവർ പ്രവർത്തിച്ച് സമ്പാദിച്ചതിന്റെ കാരണമായി. ‘അല്ലയോ ജിന്നുകളുടേയും മനുഷ്യരുടേയും സമൂഹമേ! നിങ്ങൾക്ക് എന്റെ ദൃഷ്ടാന്തങ്ങൾ വിവിവരിച്ച് തരികയും, നിങ്ങളുടെ ഈ ദിനത്തിലെ കൂടിക്കാഴ്ചയെക്കുറിച്ച് നിങ്ങൾക്ക് മുന്നറിയിപ്പ് തരികയും ചെയ്തിരുന്ന നിങ്ങളിൽപെട്ട ദൂതൻമാർ നിങ്ങളുടെ അടുത്ത് വന്നില്ലേ? അവർ പറയും “ഞങ്ങൾക്കെതിരെ ഞങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നു.” ഇഹലോക ജീവിതം അവരെ വഞ്ചിച്ചു. അവർ സത്യനിഷേധികളായിരുന്നുവെന്ന് അവർതന്നെ അവർക്കെതിരെ സാക്ഷ്യം വഹിക്കും...” (അൽഅൻആം)

പരലോകത്ത് വെച്ച് നടക്കാൻ പോകുന്ന ഈ സംഭവം അല്ലാഹു നമുക്ക് വിവരിച്ചു തരുന്നതിൽനിന്ന് പലതും നമുക്ക് പഠിക്കാനുണ്ട്. ജിന്നുകളിൽനിന്നുള്ള പിശാചുക്കൾ മനുഷ്യരെ വഴിതെറ്റിക്കുവാൻ നടത്തുന്ന ഭഗീരഥ ശ്രമങ്ങൾ വളരെ അധികം മനുഷ്യരെ വഴിപിഴപ്പിക്കുന്നതിൽ വിജയിക്കുമെന്ന് ചൂണ്ടികാണിക്കുന്നു. ലോക ജീവിതത്തിന്റെ ലഹരിയിൽപ്പെട്ട് തമ്മതമ്മിൽ ആസ്വദിച്ചുകൊണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ടും അവർ പരലോക ജീവിതത്തെ മറന്നുകൊണ്ട്, പ്രവാചകൻമാരുടെ മുന്നറിയിപ്പുകൾ മറന്നുകൊണ്ട് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിച്ചുംകൊണ്ട്, ജീവിച്ചതിന്റെ ഫലമായി പരലോക ജീവിതത്തിൽ അറ്റമില്ലാത്ത ഖേദത്തിൽ അകപ്പെടുന്നതാണ്. എന്നാൽ ഇവിടെ തമ്മതമ്മിൽ ഉപയോഗപ്പെടുത്തുക അല്ലെങ്കിൽ ആസ്വദിക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? ഈ 'ഇസ്തിംതാഅ്' പലവിധത്തിലുമുണ്ട്. പിശാചിന്റെ മിത്രങ്ങളുടെ ('ഔല്യാവുശൈതാൻ') നിലവാരമനുസരിച്ചാണ് ഈ പരസ്പര ബന്ധത്തിന്റെ നിലവാരവും. സാധാരണ നിലക്ക് പൈശാചിക പ്രേരണക്ക് വശംവദരായി കളവ്, വ്യഭിചാരം, ചൂത് കളി, മദ്യപാനം മുതലായ പാപങ്ങളിൽ വ്യാപൃതരാകുന്ന 'പിശാചിന്റെ താഴെ കിടയിലുള്ള മിത്രങ്ങൾക്ക് കിട്ടുന്ന ആസ്വാദനവും ഉപകാരവും ആ പാപങ്ങളിൽനിന്നും കിട്ടുന്ന ആസ്വാദനങ്ങളിലും ഉപകാരങ്ങളിലും പരിമിതമാണ്. ഒരു മുച്ചീട്ടുകളിക്കാരന് അല്ലെങ്കിൽ ഒരു മദ്യപാനിക്ക്, അല്ലെങ്കിൽ ഒരു സ്ഥിരം കള്ളന്ന്, അവന്റെ പിശാചിന്റെ പ്രേരണക്ക് വിധേയനായി അവൻ പ്രവർത്തിക്കുമ്പോൾ, പിശാച് അതാസ്വദിക്കുന്നു. അവനും ആസ്വദിക്കുന്നു. അവന്ന് ആ പാപത്തിൽനിന്ന് പിന്തിരിയാൻ സാധിക്കാത്തവണ്ണം പിശാച് അവനെ പ്രേരിപ്പിച്ചുംകൊണ്ടിരിക്കുന്നു. ആ പ്രേരണ ചെലുത്തുന്നതിൽ പിശാചിന് ആസ്വാദനമുണ്ട്. അതിൽ അവൻ വിജയിക്കുമ്പോൾ മനുഷ്യന്നും ഒരു പൈശാചികാസ്വാദനം ലഭിക്കുന്നു. മുച്ചീട്ടുകളിക്കാരന്റെ 'വാപ്പ മരിച്ചിരിക്കുന്നു' എന്ന വാർത്ത ലഭിച്ചാൽപോലും കളിയിൽ നിന്ന് വിരമിക്കാൻ സാധ്യമാകാത്തവിധം പിശാച് അവനെ ബന്ധിതനാക്കുന്നു! 'കളവ്' ശീലിച്ച മനുഷ്യൻ പിശാചിന്റെ പ്രേരണക്ക് വശംവദനായി അത് ചെയ്യുമ്പോൾ അവനും അവന്റെ പിശാചും ആസ്വദിക്കുന്നു! വ്യഭിചാരം ശീലിച്ച മനുഷ്യനും അവന്റെ പിശാചും അങ്ങനെത്തന്നെ. പക്ഷെ ഈ കാര്യങ്ങളിലെല്ലാമുള്ള പരസ്പര ആസ്വാദനം ആ പ്രവർത്തനങ്ങളിൽ മാത്രം പരിമിതമാണ്. 'പിശാചിന്റെ ഇത്തരം മിത്ര'ങ്ങൾക്ക് പിശാചിന്റെ പ്രത്യേക സഹായങ്ങളൊന്നും ലഭിക്കുന്നില്ല. അവർക്ക് 'കറാമത്തു'കളൊന്നും കാണുകയില്ല. പക്ഷെ പിശാചിന്റെ ഉയർന്ന തരം മിത്രങ്ങളുണ്ട്. ആരാധനയുടെ കാര്യത്തിൽ പിശാചിന്റെ പ്രേരണകൾ സ്വീകരിക്കുകയും അതിൽ മുന്നോട്ട് പോകുകയും പിശാചിനെത്തന്നെ ആരാധിക്കുന്ന നിലയിലെത്തുകയും ചെയ്തിട്ടുള്ള ഇത്തരം 'ഔലിയാക്കൾ'ക്ക് ചിലപ്പോൾ പിശാചിന്റെ 'കറാമത്തു'കളും ഉണ്ടായേക്കും! ഇത്തരം പൈശാചിക സഹായങ്ങൾ ദൈവീകമാണെന്ന് അവരും ജനങ്ങളും തെറ്റിദ്ധരിക്കുകയും ചെയ്തേക്കും! ബിദ്അത്തിന്റെ ആളുകൾക്കും, തരീഖത്ത്കാർക്കും അല്ലാഹുവും റസൂലും ശറഅ് ആക്കാത്ത നിലയിലുള്ള

ആരാധനകളിലും മറ്റും വ്യാപൃതരാകുന്നവർക്കും, പിശാചിൻെറ ഭാഗത്ത് നിന്നുള്ള ഇത്തരം 'കറാമത്തുകൾ' ചിലപ്പോൾ ഉണ്ടാകാറുണ്ട്! ബിംബാരാധകർക്കും, അദ്വൈതസന്യാസികൾക്കും, വഹ്ദത്തുൽ വുജൂദിൻെറ സൂഫികൾക്കും എല്ലാം ജിന്നിൽനിന്നുള്ള, ശൈതാനിൽനിന്നുള്ള 'ഉപകാരങ്ങൾ' അവരുടെ ശൈതാനുമായുള്ള മിത്രതയുടെ തോതനുസരിച്ച് ലഭിച്ചേക്കും! മൂർത്തികളേയും ചാത്തൻമാരേയും ചേക്കുട്ടിപ്പാപ്പയേയും എല്ലാം പൂജിക്കുന്ന താഴേ കിടയിലുള്ളവർക്ക് ചെറിയ തോതിലുള്ള ഉപകാരങ്ങളും ലഭിച്ചേക്കും! പരിശുദ്ധ ഖുർആൻ ഈ വിഷയത്തിലേക്ക് ചില സൂചനകൾ മാത്രമാണ് നൽകുന്നത്. ഒരുപക്ഷെ ജിന്നിൽ നിന്നുള്ള പിശാചിനെ ആരാധിക്കുന്നവർക്ക് കിട്ടിയേക്കാവുന്ന 'ഉപകാരങ്ങളെ'പ്പറ്റി കൂടുതൽ പ്രതിപാദിക്കുന്നത് മൂലം ലൗകിക ജീവിതത്തെ കൂടുതൽ ഇഷ്ടപ്പെടുന്ന ഭൂരിപക്ഷം മനുഷ്യരും ആ ഉപകാരങ്ങൾ കിട്ടാൻവേണ്ടി പിശാചിനെ ആരാധിക്കുന്നതിൽ വ്യാപൃതരാകുമെന്ന കാരണം കൊണ്ടായിരിക്കാം, പരിശുദ്ധ ഖുർആൻ ഈ വിഷയത്തിൽ സൂചനകൾമാത്രം നൽകി അധികം വിവരങ്ങൾ നൽകാതിരുന്നത്!

"യാതൊന്നിൻെറ പ്രയോജനത്തേക്കാൾ ഏറെ അടുത്തായി അതിൻെറ ദോഷം (സ്ഥിതി ചെയ്യുന്നുവോ) അതിനെത്തന്നെ അവൻ വിളിച്ച് പ്രാർത്ഥിക്കുന്നു. എത്ര ചീത്ത രക്ഷകൻ! എത്ര ചീത്ത സ്നേഹിതൻ!" (അൽഹജ്ജ്)

എല്ലാ സ്ഥലങ്ങളിലും യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിവില്ലാത്തതിനെ വിളിച്ച് പ്രാർത്ഥിക്കുന്നതിനെപ്പറ്റിയും ആരാധിക്കുന്നതിനെപ്പറ്റിയുമാണ് ഖുർആൻ പറയുന്നത്. ഈ ഒരു സ്ഥലത്ത് മാത്രമാണ് അവരുടെ ഉപദ്രവം ഉപകാരത്തേക്കാൾ അടുത്തതാണ് എന്ന് വിശേഷിപ്പിക്കുന്നത്. ഇത് പിശാചിനെ സംബന്ധിച്ചാണ്. അവനിൽ നിന്ന് 'ഉപകാരം' കിട്ടുന്ന നിലയിലേക്ക് മനുഷ്യൻ എത്തുമ്പോഴേക്ക്, ഒരിക്കലും ഹിദായത്ത് ലഭിക്കാത്ത അന്ധകാരത്തിൽ അവൻ അകപ്പെടുന്നു. പിശാചിനെപ്പോലെതന്നെ, അല്ലാഹുവിൻെറ അനുഗ്രഹത്തിൽനിന്ന് ആട്ടപ്പെട്ട അവൻെറ മിത്രത്തിന്ന് (വലിയ്യിന്ന്) മാത്രമാണ്, പിശാചിൽനിന്നുള്ള ഉപകാരങ്ങൾ ഇടക്ക് 'കറാമത്ത്' രൂപത്തിൽ ലഭിക്കുന്നനിലയുണ്ടാകുക! അതാണ് അവനിൽ നിന്നുള്ള ഉപദ്രവം ഉപകാരത്തേക്കാൾ അടുത്തതാണ് എന്ന് ഖുർആൻ വിശേഷിപ്പിച്ചത്! ഇബ്രാഹിം നബി(അ) തൻെറ പിതാവിനോട് പറഞ്ഞത് നോക്കുക.

"എൻെറ പിതാവേ! ശൈതാനെ ആരാധിക്കരുത്! തീർച്ചയായും ശൈതാൻ പരമ കാരുണികനോട് അനുസരണം കെട്ടവനാണ്. എൻെറ പിതാവേ! പരമ കാരുണികനിൽനിന്ന് ഒരു ശിക്ഷ താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങനെ താങ്കൾ പിശാചിന്ന് ഒരു മിത്രമായിത്തീരും" (മർയം)

ഒരിക്കലും ഹിദായത്ത് ലഭിക്കാത്ത അന്ധകാരത്തിൽ അകപ്പെടുക എന്ന ദൈവിക ശിക്ഷക്ക് പാത്രീഭൂതമാകുന്നതോടെ, പിശാചിൻെറ മിത്രമാകുക എന്ന ബഹുമതി

ലഭിക്കുകയും പിശാചിൽ നിന്നുള്ള ചില്ലറ ഉപകാരങ്ങൾ ലഭിക്കുകയും, അങ്ങിനെ 'അന്ധകാരം' പ്രകാശമാണെന്ന മിഥ്യാധാരണയുണ്ടാകുകയും ചെയ്യുന്നു! അവർ പൈശാചികമായതിനെ ദൈവികമായി തെറ്റിദ്ധരിക്കുന്നു. പിശാചിൽ നിന്ന് അവർക്ക് സന്ദേശങ്ങൾ (വഹ്‌യ്) ലഭിക്കുന്നു. ഭാവിയെപ്പറ്റിയും മറ്റുള്ള മറഞ്ഞ കാര്യങ്ങളും തൊണ്ണൂറ്റി ഒമ്പത് ശതമാനവും കളവായിരിക്കാമെങ്കിലും, പിശാച് അവന്റെ മിത്രങ്ങൾക്ക് വഹ്‌യായി നൽകുന്നു! എപ്പോഴെങ്കിലും ഒന്ന് ശരിയായി പുലർന്നാൽ, അത് വലിയ കാര്യമായി എടുത്ത് പറയപ്പെടുന്നു - തെറ്റായി വന്നതെല്ലാം അവഗണിക്കപ്പെടുന്നു! ഇങ്ങനെയുള്ള പിശാചിന്റെ മിത്രങ്ങളാണ് 'ഞങ്ങളിൽ ചിലർ ചിലരെക്കൊണ്ട് പ്രയോജനമെടുത്തു' എന്ന് പരലോകത്ത് വെച്ച് പറയുന്നത്. ഈ 'ഇസ്തിംതാഅ്' (പരസ്പര ആസ്വാദനം, അല്ലെങ്കിൽ പ്രയോജനമെടുക്കൽ)ന്റെ രൂപങ്ങൾ വിവിധങ്ങളാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നുതീമിയ, ഈ വിഷയത്തെപ്പറ്റി എഴുതിയിട്ടുള്ളത് വായിച്ചാൽ പിശാചിന്ന് ഇത്രയധികം കഴിവുകൾ അനുവദിച്ചുകൊടുക്കുന്നത് ശരിയാണോ എന്ന് തോന്നിപ്പോകും! ഈ വിഷയത്തിൽ വളരെ അധികം പഠനവും ഗവേഷണവും നടത്തിയിട്ടുള്ള ശൈഖുൽ ഇസ്‌ലാമിന്റെ അഭിപ്രായങ്ങൾ അങ്ങനെ തള്ളിക്കളയാവുന്നതല്ല. ശൈതാൻ അവന്റെ മിത്രങ്ങൾക്ക് ചെയ്യുന്ന 'ഉപകാരങ്ങൾ' വിവരിച്ച കൂട്ടത്തിൽ, അവരെ അവൻ വഹിച്ചുകൊണ്ട് പോകുന്നതും, അവർക്ക് ആവശ്യമുള്ള ധനം കളവ് ചെയ്തുകൊടുക്കുന്നതും അവന്ന് ആവശ്യമായ സാധനങ്ങൾ ദൂരപ്രദേശത്ത് നിന്ന് എത്തിച്ചുകൊടുക്കുന്നതും, അവന്റെ ശത്രുക്കളെ ഉപദ്രവിക്കുന്നതും കൊലപ്പെടുത്തുന്നതും എല്ലാം വിവരിച്ചിരിക്കുന്നു. വളരെ അതിശയോക്തിപരമാണെന്ന് നമുക്ക് തോന്നുന്നുണ്ടെങ്കിൽ, ശൈതാന്റെ അടുത്ത മിത്രങ്ങളുമായി നമുക്കുള്ള പരിചയക്കുറവ് അതിനൊരു കാരണമായിരിക്കാം. ഇവിടെയുള്ള വലിയ്യിനെ, അതേ സമയത്ത് മക്കത്തും മദീനത്തും കണ്ടു എന്ന് പറയുന്നത് ചിലപ്പോൾ ശരിയായിരിക്കുമെന്ന് അദ്ദേഹം പറയുന്നു. ഇയാളുടെ അതേ രൂപത്തിൽ 'ശൈതാൻ' അവിടങ്ങളിൽ ഈയാളുടെ പരിചിതരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ഈയാൾക്ക് പല 'ഇസദു'കളുമുണ്ട് എന്ന പ്രതീതി ജനിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവിന് പുറമെയുള്ളവരെ വിളിച്ച് പ്രാർത്ഥിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുന്നവർക്ക്, പിശാച് സഹായം നൽകി അവരെ വഴികേടിൽ ഉറപ്പിച്ചു നിർത്താൻ എല്ലാ തന്ത്രങ്ങളും പ്രയോഗിക്കുന്നു. ശൈഖുൽ ഇസ്‌ലാമിനെ വിളിച്ച് സഹായം തേടിയ ഒരു സംഘത്തെ, അദ്ദേഹത്തിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട ശൈതാൻ സഹായിച്ച കഥയും അദ്ദേഹം വിവരിക്കുന്നു. മനുഷ്യരിലും ജിന്നുകളിലുമുള്ള സ്ത്രീ പുരുഷൻമാർ തമ്മതമ്മിൽ ലൈംഗികവും മറ്റുമായ നിലയിൽ ബന്ധപ്പെടുന്ന കാര്യങ്ങളും പ്രതിപാദിക്കുന്നു. പരസ്പരം പ്രയോജനപ്പെടുത്തുകയും ആസ്വദിക്കുകയും ചെയ്യുക എന്നതിന്റെ ഏറ്റവും ഉന്നതമായ രൂപം, ശൈതാനെ ആരാധിക്കുകയും അങ്ങനെ പിശാചിന്റെ മിത്രങ്ങളാകുകയും ചെയ്യുന്ന മനുഷ്യരും അവരുടെ പിശാചുക്കളും തമ്മിലുള്ള ബന്ധത്തിലാണ് ഉണ്ടാകുന്നത്! ഇങ്ങനെയുള്ള ശൈതാന്റെ ഔലിയാവിന് പല 'കറാമത്തുകളും' പ്രദർശിപ്പിക്കുവാൻ ശൈതാൻ സഹായിക്കുന്നു! ഒരാൾ എന്തെങ്കിലും ആവശ്യത്തിന് അവരെ കാണുവാൻ വരികയാണെങ്കിൽ,

അയാൾ ആരാണെന്നും എന്തിനാണ് വരുന്നതെന്നും മറ്റും അവർ പറഞ്ഞുകളയും! 'വലിയ്യിൻെറ' ശൈതാൻ വരുന്ന ആളുടെ ശൈതാനുമായി ബന്ധപ്പെട്ട് അറിഞ്ഞ കാര്യങ്ങൾ, വലിയ്യിൻെറ മനസിൽ ഇട്ടുകൊടുക്കുന്നു. 'ഗൈബ്' അറിയുന്ന പ്രതീതിയുണ്ടാക്കികൊണ്ട് ശൈതാൻെറ 'വലിയ്യ്' ഈ മറഞ്ഞ കാര്യങ്ങൾ പറയുന്നതോടുകൂടി വരുന്ന ആൾക്ക് അയാളുടെ ദൈവികത്വത്തിലുള്ള വിശ്വാസം പതിൻമടങ്ങ് വർദ്ധിക്കുന്നു! ഇങ്ങനെയുള്ള കഴിവുകൾ പ്രദർശിപ്പിക്കുന്ന ദിവ്യൻമാർ എല്ലാ സമുദായങ്ങളിലും ഉണ്ടാകാറുണ്ട്! കണ്ണില്ലാത്ത ആശാരിയും, തങ്ങൻമാരും ശൈഖൻമാരുമെല്ലാം അവരുടെ അടുക്കൽ ചെല്ലുന്ന ആരാധകൻമാരെ ഇത്തരം കഴിവുകൾ പ്രദർശിപ്പിച്ച് പാട്ടിലാക്കുന്നു! ആരാധിക്കപ്പെടുന്ന ജിന്നിൽനിന്നുള്ള ശൈതാന്ന് മനുഷ്യൻെറ ആരാധനക്ക് വിധേയനാകുമ്പോൾ ഉണ്ടാകുന്ന അഹങ്കാരവും ആസ്വാദനവും, ആരാധിക്കുന്ന മനുഷ്യരിൽ നിന്നുള്ള അവൻെറ മിത്രത്തിന്ന് ലഭിക്കുന്ന ഉപകാരങ്ങളും ആസ്വാദനവും. പരസ്പര പ്രയോജനത്തിൻെറ (ഇസ്തിംതാഅ്) ഏറ്റവും ഉന്നത രൂപം ഇവയാണ്! ഇങ്ങനെയുള്ള 'ശൈതാൻെറ' ഔലിയാഅ് പ്രദർശിപ്പിക്കുന്ന കറാമത്തുകൾ, ദൈവികമാണെന്ന് തെറ്റിദ്ധരിച്ച് അവരെ സിദ്ധൻമാരും ദൈവസമീപ്യം സിദ്ധിച്ചവരുമായി ജനം കരുതുന്നു. സ്വന്തം ഇഷ്ടത്തിന്നനുസരിച്ച് പ്രദർശിപ്പിക്കുന്ന ഇത്തരം 'കറാമത്തുകൾ' ഒന്നുകിൽ തട്ടിപ്പായിരിക്കും. അല്ലെങ്കിൽ പൈശാചികമായിരിക്കും. അല്ലാഹുവിങ്കൽ നിന്നുള്ളതാണെങ്കിൽ, സ്വന്തം ഇഷ്ടപ്രകാരം പ്രദർശിപ്പിക്കാൻ സാധ്യമാകയില്ല എന്നത് തീർച്ചയാണ്. ആരാധനക്ക്വേണ്ടി ദാഹിക്കുന്ന ജിന്നിൽനിന്നുള്ള ശൈതാനും അവനെ ആരാധിക്കുന്ന മനുഷ്യരും തമ്മതമ്മിൽ മിത്രങ്ങളായിത്തീരുന്നത്, അവരുടെ പ്രവർത്തനം മൂലം അല്ലാഹുവിങ്കൽ നിന്നുള്ള ശിക്ഷയുടെ ഫലമാണ്!

'അങ്ങനെയാണ് അക്രമകാരികളിൽ ചിലരെ ചിലരോട് നാം ബന്ധിപ്പിക്കുന്നത്, അവർ പ്രവർത്തിച്ച് സമ്പാദിച്ചതിൻെറ ഫലമായി' എന്ന് അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക!

*************